"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2 0 2 3 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.ശ്രുതി എലിസബത്ത് ജോൺസൺ ഫയൽ ചെയ്ത ഒഎ (ഇകെഎം) 1028/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2749/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

പരാമർശം:-
1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.ശ്രുതി എലിസബത്ത് ജോൺസൺ സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.ശ്രുതി എലിസബത്ത് ജോൺസൺ ഫയൽ ചെയ്ത ഒഎ (ഇകെഎം) 1028/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, എറണാകുളം തിരുവാണിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.ശ്രുതി എലിസബത്ത് ജോൺസൺ-നെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.ശ്രുതി എലിസബത്ത് ജോൺസൺ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ (ഇകെഎം) 1028/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു.ട്രിബ്യൂണൽ പരാമർശം ( 4 ) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന്, ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം രൂപീകരിച്ച

കമ്മിറ്റി അപേക്ഷകയെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന വേളയിൽ തനിക്ക് സ്ഥലംമാറ്റം സംബന്ധിച്ച് നിലവിൽ പരാതിയൊന്നും ഇല്ല എന്ന് അപേക്ഷക അറിയിക്കുകയുണ്ടായി. ആയതിനാൽ ടിയാളുടെ അപ്പീലിൽമേൽ തുടർ നടപടി ആവശ്യമില്ല എന്നും തീർപ്പാക്കാവുന്നതാണ് എന്നും കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

( 3 ) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ടും പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തുടർനടപടി ആവശ്യമില്ലാത്തതിനാൽ തീർപ്പാക്കിക്കൊണ്ടും പരാമർ ശം ( 4 ) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.ശ്രുതി എലിസബത്ത് ജോൺസൺ .അസിസ്റ്റന്റ് സർജൻ, താലൂക്കാസ്ഥാന ആശുപത്രി ,കോതമംഗലം, എറണാകുളം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 20-10-2023 16:15:05

**മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി 21.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**